# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4833 — 18.12.2014 ൽ മറുപടിയ്ക്ക്

### പാരിപ്പള്ളിയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന സൂപ്പർമാർക്കറ്റിലെ ഓഫീസർ-ഇൻചാർജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ പാരിപ്പള്ളിയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന സൂപ്പർമാർക്കറ്റിലെ ഓഫീസർ-ഇൻ-ചാർജ് പ്രസ്തുത സ്ഥാപനത്തിൽ എന്നുമുതലാണ് ജോലിയിൽ പ്രവേശിച്ചതെന്ന് അറിയിക്കുമോ ; | (എ) കൊല്ലം ജില്ലയിലെ പാരിപ്പള്ളിയിലെ സപ്ലൈകോ സൂപ്പർ മാർക്കറ്റിലെ ഓഫീസർ-ഇൻ-ചാർജ് 04.04.2013 ന് ടി സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചു. |
| (ബി) പ്രസ്തുത കാലയളവിൽ ടി ഉദ്യോഗസ്ഥനെതിരെ പെരുമാറ്റ ദൂഷ്യവും മറ്റ് നടപടികളും ആരോപിച്ച് എത്ര പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ലഭിച്ചിട്ടുണ്ടെന്ന് പറയുമോ ; | (ബി) 4 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പരാതികളിന്മേൽ അന്വേഷണം വല്ലതും നടത്തിയിട്ടുണ്ടോ ; എങ്കിൽ ആരാണ് അന്വേഷണം നടത്തിയതെന്നും അന്വേഷണ നിഗമനം എന്തായിരുന്നുവെന്നും വെളിവാക്കുമോ ;<br><br>(ഡി) അന്വേഷണം നടത്തിയതിൽ മേൽ ജീവനക്കാരൻ തെറ്റുകാരനാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇല്ലായെങ്കിൽ കാരണം അറിയിക്കുമോ ; | (സി) യും (ഡി) യും ടിയാനെതിരെ ലഭിച്ച പരാതിയിന്മേൽ കൊല്ലം ഡിപ്പോ ജൂനിയർ മാനേജർ (എം & ഐ), കൊല്ലം ഡിപ്പോ മാനേജർ എന്നിവർ അന്വേഷണം നടത്തുകയും ഒരു പരാതിയിൽ കഴമ്പുണ്ടെന്ന കണ്ടെത്തുകയും ചെയ്തു. ആയതിനെ തുടർന്ന് ടിയാന് കർശന താക്കീതു നൽകിയിട്ടുണ്ട്. ഉപഭോക്താക്കളിൽ നിന്നും ഏതെങ്കിലും വിധത്തിലുള്ള പരാതി ലഭിക്കുന്ന പക്ഷം കർശന നടപടി സ്വീകരിക്കുന്നതാണെന്ന വിവരം സപ്ലൈകോ മാനേജിംഗ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഇ) സൂപ്പർമാർക്കറ്റുപോലെയുള്ള ജനങ്ങൾ നിരന്തരം ബന്ധപ്പെടുന്ന സ്ഥാപനങ്ങളിൽ ഇരുന്ന് വളരെ മോശം പെരുമാറ്റം നിരന്തരമായി നടത്തുന്ന ഈ ഉദ്യോഗസ്ഥനെ തിരെ നടപടി സ്വീകരിക്കുവാൻ സന്നദ്ധമാകുമോ; വിശദാംശം അറിയിക്കുമോ? | (ഇ) പരിശോധിച്ച് ഉചിതമായ നടപടി എടുക്കുന്നതാണ്. |

Beena

സെക്ഷൻ ഓഫീസർ